ANNOUNCEMENT RE: PANEL OF CHAIRMEN.

MR. PRESIDENT : ചോദ്യോത്തരങ്ങൾക്കുള്ള സമയം അവസാനിച്ചിരിക്കുന്നു. നാലാംതീയതി അനുസരിച്ച് ഈ സെഷന് വേണ്ടി പാനൽ ഓഫ് ചെയർമാനെ സ്പീഡർ നോമിനേറ്റ ചെയ്യണം എന്നുണ്ട്. അതനുസരിച്ച് മെ. എം ഗോവിന്ദനെയും. പി. കെ. കുഞ്ഞിനെയും പാനൽ ഓഫ് ചെയർമെന്മാരായി ഞാൻ നോമിനേറ്റ ചെയ്തിരിക്കുന്നു.

ANNOUNCEMENT RE: ADJOURNMENT MOTIONS.

MR PRESIDENT : ഇന്ന് പത്രങ്ങൾ അടിയന്തിരപ്രമേയങ്ങൾ ഇവിടെ വന്നിട്ടുണ്ട്. അതിൽ ആദ്യത്തെപ്രമേയം മി. കുഞ്ഞിരാമൻപിള്ള മുന്നിലത്തേതാണ്. രണ്ടാമത്തേ മുതലാണ്.

"I beg leave to move that the business of the House be adjourned for the purpose of discussing a definite matter of urgent public importance, viz., the alarming situation brought about of late by the highhanded repression of the Police in different parts of the State."

അടിയന്തിരപ്രമേയങ്ങളെ സംബന്ധിച്ച് ചില വ്യവസ്ഥകളുണ്ട് ആ വ്യവസ്ഥകൾ റൂൾ ഫൈവ് റൂളുകളിൽ വിവരിച്ചിട്ടുണ്ട്. റൂൾ ഫൈവിൽ പറഞ്ഞിരിക്കുന്നു.

"It must relate to a definite matter of urgent public importance" എന്നാണ്. അതിൽ അടിയന്തിരപ്രമേയം ഒരു ഡെഫനിറ്റ മാറ്ററിനെ സംബന്ധിച്ച ഉന്നയിക്കണമെന്നാണ് പറയുന്നത്. അതായത് ഒരു ഖണ്ഡിതമായ കാര്യത്തെപ്പറ്റിയായിരിക്കണമെന്നാണ്.

"The alarming situation brought about"..... It is not a definite matter. The matter should be specific.

തിരുവിതാംകൂർകൊച്ചിൻ നാടുകളിൽ നടന്നുകൊണ്ടിരിക്കുന്ന പോലീസിന്റെ അനധികൃതമായ അടിച്ചമർത്തലിനെപ്പറ്റി വാദപ്രതിവാദം നടത്തുന്നതിന് സഭാനടപടികൾ നിറുത്തിവയ്ക്കണം എന്നാണ്.

ഇത് ക്ലിപ്തമായ ഒരു സംഭവത്തെപ്പറ്റിയല്ല പറയുന്നത്. കുറെ കാലങ്ങളിലായി തുടരെ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളെപ്പറ്റിയാണ് ഇതിൽ വിവരിക്കുന്നത്.

ഈ റൂളിൽ പറഞ്ഞിരിക്കുന്നത് ഒരു സ്പെസിഫിക്ക് കാര്യത്തെപ്പറ്റിയായിരിക്കണം അടിയന്തിരപ്രമേയം അവതരിപ്പിക്കേണ്ടതെന്നാണ്. അങ്ങനെ അല്ലെങ്കിൽ അടിയന്തിരപ്രമേയം സാധാരണ അനുവദിക്കാറില്ല. ഇതാണ് ഇംഗ്ലണ്ടിലെ പാർലമെന്റിലെ നടപടിയും.

LIBRARY ARCHIVES Kerala Legislative Assembly

[Mr. President]

'The matter raised by the motion must be a single specific matter and not couched in general terms covering a great number of cases and the matter must be of recent occurrence and raised without delay. (May's Parliamentary Practice, 1946 Edition, pp. 344—5.)

ഈ രൂപം വച്ചു നോക്കിയാൽ മി. കണ്ണാറ ഗോപാലപ്പണിക്കരുടെ ഈ അടിയന്തിരപ്രമേയം അനുവദിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് അനുവാദം ഞാൻ നിരസിച്ചിരിക്കുന്നു.

രണ്ടാമത്തെ അടിയന്തിരപ്രമേയവും മി. ഗോപാലപ്പണിക്കരുടേതാണ്. അതു് ഇപ്രകാരമാണ്:

"I beg leave to move that the business of the house be adjourned for the purpose of discussing a definite matter of urgent public importance, *viz.*, the serious situation brought about in recent times by the numerous deaths due to bus accidents in Travancore."

ഈ പ്രമേയവും മുമ്പത്തെ പ്രമേയം തള്ളിയ കാരണം വച്ചു കൊണ്ടുതന്നെ തള്ളാവുന്നതാണ്. വ്യക്തിതമായ ഒരു സംഗതിയെക്കുറിച്ചല്ലാ ഈ പ്രമേയം. അങ്ങിനെയുള്ള യാതൊരു വിവരണങ്ങളും ഈ പ്രമേയത്തിൽ കാണുന്നില്ല. ആ കാരണം വച്ചുകൊണ്ട്, അത്രയും ഒരു ക്ലിപ്തമായ കാര്യത്തെ സംബന്ധിച്ചല്ലാത്തതുകൊണ്ട് ഇതും നിരസിക്കേണ്ടിയിരിക്കുന്നു.

MR. K. P. NILAKANTA PILLAI (*Chirayankil V—General*): എനിക്ക് ഒരു പായിൻറ് ഓഫ് ഓർഡർ ഉണ്ട്. അതു് ഒരു മെമ്പർക്ക് ഒരു ദിവസം ഒന്നിലധികം അടിയന്തിരപ്രമേയം അവതരിപ്പിക്കാമോ എന്നാണ്.

MR. PRESIDENT : അവതരിപ്പിക്കാം.

മൂന്നാമത്തെ അടിയന്തിരപ്രമേയവും മി. കണ്ണാറ ഗോപാലപ്പണിക്കരുടേതാണ്.

"I beg leave to move that the business of the house be adjourned for the purpose of disscussing a definite matter of urgent public importance viz., the serious situation that has arisen out of the recent fixation by Government of the selling price of paddy in the state at the rate of Rs. 3 per para".

ഈ പ്രമേയം ഓർഡറിൽ ആണെന്ന് താൻ തീരുമാനിക്കുന്നു. എന്നാൽ രൂപം അനുസരിച്ച് ഈ പ്രമേയം അവതരിപ്പിക്കുന്നതിനു ഈ സഭ അനുവദിക്കുന്നുണ്ടോ എന്നു അറിയേണ്ടതായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly